(എഫ്) ടൂറിസം, പുരാവസ്തു, ജലസേചനം, പൊതുമരാമത്ത്, വിദ്യാഭ്യാസം, സാംസ്കാരികം എന്നീ വകുപ്പുകളും, ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ചരിത്ര ഗവേഷണ കൗൺസിൽ എന്നിവയും സഹകരിക്കുന്നുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടം ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതാണ്.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

100 (1570) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ടൂറിസം മേഖലയിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ടൂറിസം മേഖലയിൽ കുന്ദമംഗലം മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) നിലവിൽ പദ്ധതികൾ ഒന്നും പരിഗണനയിലില്ല. എന്നാൽ പരിശോധിക്കാവുന്നതാണ്.

പാലക്കാട് നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

101 (1571) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പാലക്കാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിനു കീഴിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതികൾ ഏതൊക്കെ ഘട്ടങ്ങളിലാണ് എന്നറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ രാപ്പാടി ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നവീകരണം, ഡി.ടി.പി.സി. ഓഫീസിന്റെ നവീകരണം, മണി അയ്യർ സ്മാരകത്തിന്റെ നവീകരണം എന്നിവയാണ് നടത്തിയത്.

(ബി) രാപ്പാടി പദ്ധതിക്കുവേണ്ടി 32.68 ലക്ഷം രൂപയും മണി അയ്യർ സ്മാരകത്തിന് 15 ലക്ഷം രൂപയും, ഡി.ടി.പി.സി. ഓഫീസിന് 15.81 ലക്ഷം രൂപയും ചെലവഴിച്ചു.

(സി) ഈ പദ്ധതികൾ എല്ലാംതന്നെ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly